**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെറുതാഴം ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.8 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

ജി.ഒ (ആർ.ടി) നം.1237/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 08/05/2013

---

പരാമർശം:- 1) 28/11/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ M3-32761/12 നമ്പർ കത്ത്.

2) 12/03/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.പി.റ്റി3/26488/12 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാതെ 2,62,500/-രൂപ ചെലവഴിച്ചത് ഖണ്ഡിക 3-8 പ്രകാരം ഓഡിറ്റ് നിരാകരിച്ചിരുന്നു.

ചെറുതാഴം ഗ്രാമപഞ്ചായത്തിൽ 2007-08 വർഷത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ നിലം ഉഴവുന്നതിന് ടില്ലർ സബ്കമ്മിറ്റികൾക്ക് നൽകിയ വകയിൽ 2,62,500/- രൂപ ചെലവഴിച്ചത് സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെങ്കിലും നാട്ടിൽ ഭൂരിഭാഗം ജനങ്ങൾ നെൽകൃഷി ഉപേക്ഷിക്കുന്ന സന്ദർഭത്തിൽ നെൽകൃഷിയെ പ്രോൽസാഹിപ്പിച്ചുകൊണ്ട് കർഷകർക്ക് സഹായം അനുവദിക്കുകയും, അതുവഴി നെല്ലുല്പാദനം കൂട്ടുക എന്ന സദുദ്ദേശ്യവും മാത്രമേ പഞ്ചായത്തിന് ഉണ്ടായിരുന്നുള്ളൂവെന്നും ആയതിനാൽ ടി തുകയ്ക്ക് സാധൂകരണം നൽകണമെന്നുമുള്ള 09/05/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 68/12-ാം നമ്പർ തീരുമാനം ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ, പരാമർശം (1) പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ നെൽകൃഷി മുഖ്യ കൃഷി ഇനമായി നടപ്പിലുള്ള ഈ പഞ്ചായത്തിൽ നെൽകൃഷിയെ അഭിവൃദ്ധിപ്പെടുത്തുക എന്ന സദുദ്ദേശ്യത്തോട് കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും, ആയതിനാൽ പ്രസ്തുത നടപടിയ്ക്ക് സാധൂകരണം വാങ്ങുന്നതിനുള്ള 09/05/2012-ലെ 68/2012 നമ്പർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, 10/09/2012-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ, ജി.ഒ (എം.എസ്) 199/08/തസ്വഭവ/ 11/07/2008 പ്രകാരം നെൽകൃഷിയ്ക്ക് കൃഷിച്ചെലവ് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്നിവ പരിഗണിച്ച് ഖണ്ഡിക 3-8 പ്രകാരം തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 പ്രകാരം തടസ്സപ്പെടുത്തിയ, സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ നിലം ഉഴവുന്നതിന് ടില്ലർ സബ്കമ്മിറ്റികൾക്ക് നൽകിയ വകയിൽ ചെലവഴിച്ച 2,62,500/- രൂപ (രണ്ട് ലക്ഷത്തി അറുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) യുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കണ്ണൂർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചെറുതാഴം ഗ്രാമ പഞ്ചായത്ത്, കണ്ണൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ